**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം. 3689** — **20.10.2016 ൽ മറുപടിയ്ക്ക്**

<u>വിദ്യാഭ്യാസ അവകാശ നിയമം</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
| --- | --- |
| ശ്രീ. ടി.എ. അഹമ്മദ് കബീർ | പ്രൊഫ.സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) പുതിയ വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ പുതിയ സ്കൂളുകൾ ആരംഭി-ക്കുന്നതിനുള്ള സർവ്വെ പൂർത്തിയായിട്ടുണ്ടോ;<br>(ബി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികൾ ഇതിനോടകം സ്വീകരിച്ച് വരുന്നു;<br>(സി) 100 വർഷം പൂർത്തിയാക്കിയ, സർക്കാർ ഉടമസ്ഥതയിലുള്ള എൽ.പി./യു.പി./ഹൈസ്ക്കൂൾ തുടങ്ങിയവ അപ്ഗ്രേഡ് ചെയ്യുന്നതിന് എന്തെങ്കിലും നടപടികൾ ആലോചിക്കുന്നുണ്ടോ? | (എ) (ബി) & (സി) 18.06.2015 - ൽ 3060/2014 ഉൾപ്പെടെ ഒരു കൂട്ടം റിട്ട് ഹർജികളിൻമേലുള്ള വിധിന്യായ ത്തിൽ സ്കൂൾ മാപ്പിംഗ് നടത്തി വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തി സ്കൂളുകൾ ആരംഭി-ക്കുന്നതിനും അപ്ഗ്രേഡ് ചെയ്യുന്നതിനുമുള്ള ഉചിതമായ നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ സർവ്വ ശിക്ഷാ അഭിയാന്റെ ആഭിമുഖ്യത്തിൽ സ്കൂൾ മാപ്പിംഗ് നടത്തി വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തിയ പ്രദേശങ്ങൾ ഉൾപ്പെടുത്തി പ്രാഥമിക വിജ്ഞാപനം 25.05.16-ലെ 985-ാം നമ്പർ അസാധാരണ ഗസറ്റായി പ്രസിദ്ധപ്പെടുത്തുകയുണ്ടായി. വിദ്യാഭ്യാസ ആവശ്യകത ഉണ്ടെന്ന് കണ്ടെത്തുന്ന പ്രദേശത്ത് മാത്രമേ പുതിയ സ്കൂൾ ആരംഭിക്കുന്നതിനോ നിലവിലുള്ള സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിനോ കഴിയുകയുള്ളൂ. കേരള വിദ്യാഭ്യാസചട്ടങ്ങളിലെ അദ്ധ്യായം V ചട്ടം 2, 2എ പ്രകാരമുള്ള എല്ലാ നടപടി ക്രമങ്ങളും പൂർത്തിയാക്കി മാത്രമേ അന്തിമ തീരുമാനം സാധ്യമാവൂ. ആയതിനുള്ള നടപടി ക്രമങ്ങൾ സ്വീകരിച്ചു വരികയാണ്. |

Hema.V

സെക്ഷൻ ഓഫീസർ